# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1761** **08/06/2018 ൽ** മറുപടിക്ക്

## തെരുവ് നായ്ക്കളുടെ ശല്യത്തിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | തലസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമായിട്ടും അതിനെതിരെ നടപടി സ്വീകരിക്കുന്നതിൽ തിരുവനന്തപുരം കോർപ്പറേഷൻ പരാജയപ്പെട്ടതായി ആക്ഷേപമുയർന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | എ) നടപടി സ്വീകരിക്കുന്നതിൽ തിരുവനന്തപുരം കോർപ്പറേഷന് വീഴ്ചയുണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| ബി) | എ.ബി.സി. പദ്ധതിക്കായി 2017-18 വർഷം എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര തുക 2018 മാർച്ച് 31 വരെ ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | ബി) എ.ബി.സി പദ്ധതിക്കായി 2017-18 വർഷത്തേയ്ക്ക് 2 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | ഈയിനത്തിൽ അനുവദിച്ച ഫണ്ട് വകമാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | സി) 2017 നവംബറിന് ശേഷം മൃഗാശുപത്രി നവീകരണത്തിനായി സർജറി യൂണിറ്റ് പൊളിച്ച് മാറ്റുന്നതിനാൽ ഫണ്ട് പാഴായി പോയേക്കാവുന്ന ഘട്ടം വന്നപ്പോൾ കൗൺസിൽ തീരുമാനപ്രകാരം PMAY, life എന്നീ പദ്ധതികൾക്ക് വിനിയോഗിച്ചിട്ടുണ്ട്. |
| ഡി) | തിരുവനന്തപുരം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പേട്ട മൃഗാശുപത്രിയിൽ 2017 ജൂണിന് ശേഷം എ.ബി.സി പ്രോഗ്രാം പ്രകാരം എത്ര ശസ്ത്രക്രിയകൾ നടത്തി; | ഡി) 520 ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്. |
| ഇ) | നായ്ക്കളുടെ വന്ധ്യംകരണത്തിനായി നടപ്പിലാക്കിയ മൊബൈൽ യൂണിറ്റ് പദ്ധതി നിലവിലുണ്ടോ; | ഇ) മൊബൈൽ യൂണിറ്റ് പദ്ധതി നിലവിലില്ല. |

| | | |
|---|---|---|
| എഫ്) | തലസ്ഥാനത്ത് തെരുവു നായ്ക്കളുടെ ശല്യം അതിരൂക്ഷമായ സാഹചര്യ-ത്തിൽ എ.ബി.സി. പ്രോഗ്രാം കാര്യക്ഷമമായി നടത്തുന്നതിന് അടിയന്തര സംവിധാനം ഒരുക്കുമോ? | എഫ്) തിരുവല്ലം മൃഗാശുപത്രിയിൽ അടിയന്തിര സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ